II ഇ.ബി. XII കേരള നിയമസഭ/XV-20

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

**2010 ജൂലൈ 26, തിങ്കൾ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

68 (*571) **ജൈവക്കൃഷി**

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മൊത്തം 14,279 ഹെക്ടർ സ്ഥലത്ത് ജൈവ ക്കൃഷി നടന്നുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. നടപ്പുസാമ്പത്തിക വർഷം നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ കൃഷി വകുപ്പ് നടപ്പാക്കുന്ന ജൈവക്കൃഷി പദ്ധതിയിലും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കുന്ന പദ്ധതികളിൽ പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് എന്നിവയും വി.എഫ്.പി.സി.കെ നടപ്പാക്കുന്ന ജൈവക്കൃഷി പദ്ധതിയിൽ പച്ചക്കറികളേയും ഉൾപ്പെടുത്തി യിട്ടുണ്ട്. ജൈവക്കൃഷി നയം, തന്ത്രങ്ങൾ, കർമ്മ പദ്ധതി എന്നിവ നടപ്പാക്കു ന്നതിനും ഉദ്ദിഷ്ട രീതിയിൽ ഫലപ്രദമാക്കുന്നതിനും രൂപീകരിച്ച കേരള ഓർഗാനിക് മിഷൻ ജൈവക്കൃഷി പ്രോത്സാഹിപ്പിക്കുക, ജൈവക്കൃഷിയുടെ മേന്മയെക്കുറിച്ച് വൻ പ്രചാരണം നൽകി സംസ്ഥാനത്ത് നടപ്പാക്കുന്ന എല്ലാ

ജൈവക്കൃഷി പദ്ധതികളും ഏകോപിപ്പിക്കുക, തദ്ദേശ വിപണിയെ ലക്ഷ്യം വച്ച് 'വിഷ വിമുക്ത ഭക്ഷണം' വിപണനം ചെയ്യുക, വിപണന സൗകര്യം ഒരുക്കുക, ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക, ജൈവോല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്. കേരള ഓർഗാനിക് മിഷൻ പൈലറ്റ് പ്രോഗ്രാമെന്ന നിലയിൽ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ന് കോഴിക്കോട് ജില്ലയിലെ 20 ബ്ലോക്കുകളിൽ തൈകൾ നട്ടുകൊണ്ട് ജൈവക്കൃഷി ആരംഭിക്കുന്നതാണെന്നും ഇടുക്കി, വയനാട് ജില്ലകളിലെ എല്ലാ ബ്ലോക്കുകളേയും ജൈവക്കൃഷിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ജൈവക്കൃഷി ഉല്പന്നങ്ങളുടെ മാർക്കറ്റിംഗിനുള്ള സംവിധാനങ്ങൾ ജൈവക്കൃഷി നയം നടപ്പാക്കുന്നതോടുകൂടി ഓർഗാനിക് മിഷന്റെ കീഴിൽ ആരംഭിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ജൈവക്കൃഷി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയ പുതിയ പാക്കേജ് ഓഫ് പ്രാക്ടീസ് ഗവൺമെന്റ് അംഗീകരിക്കുകയും കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുകയും മൂന്ന് പരിശീലന പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ജൈവക്കൃഷി നടപ്പാക്കുന്ന മേഖലകളിലെ കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും പ്രത്യേകമായി പരിശീലനം നൽകുന്നതും ഇത് നടപ്പാക്കുന്നതിനുള്ള കർമ്മ പരിപാടി തയ്യാറാക്കി നടപ്പാക്കുന്നതുമാണ്. ജൈവക്കൃഷി നടപ്പാക്കുന്ന മേഖലയിൽ കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുന്നതാണ്. ജൈവക്കൃഷി നടപ്പാക്കുന്ന ആദ്യത്തെ രണ്ട് വർഷത്തെ സർട്ടിഫിക്കറ്റ് നൽകാൻ കേരള കാർഷിക സർവ്വകലാശാലയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സർട്ടിഫിക്കേഷൻ സംവിധാനത്തിൽ വ്യാജ

ഇടപെടലുകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും സർട്ടിഫിക്കേഷന് കേന്ദ്രഗവൺമെന്റ് നൽകുന്ന ഫീസ് എസ്.എച്ച്.എം. വഴിതന്നെ നൽകുന്നതിന് നാഫെഡ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ജൈവക്കൃഷി നയം നടപ്പാക്കുമ്പോൾ കർഷകരെക്കൊണ്ടു തന്നെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ആവശ്യമായ വളം നിർമ്മിക്കുന്നതിനുള്ള ഒരു പ്രോജക്ടുണ്ടാക്കിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന് കീടനാശിനി കളുടെ വില്പനയെ നിയന്ത്രിക്കുന്നതിന് അവകാശമില്ലെന്നും കൃഷി സംസ്ഥാന വിഷയമായതിനാൽ വളമായാലും കീടനാശിനിയായാലും ഉപയോഗിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അവകാശം സംസ്ഥാനത്തിന് കിട്ടേണ്ടതാണെന്നും പുറത്തുനിന്ന് വാങ്ങുന്ന വളത്തിന്റെ ക്വാളിറ്റി പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണെന്നും ഇപ്പോൾ നാടൻ ഉല്പന്നങ്ങൾ എന്ന നിലയിൽ ജൈവക്കൃഷി ഉല്പന്നങ്ങൾ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ-യും വഴി വിൽക്കപ്പെടുന്നുണ്ടെന്നും വി.എഫ്.പി.സി.കെ-യുടെ അപ്പെക്സ് ബോഡികൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതാണെന്നും ഏറ്റവും കൂടുതൽ പച്ചക്കറികൾ ഉല്പാദി പ്പിക്കുന്ന പ്രദേശങ്ങളിലെ കർഷർക്ക് പ്രത്യേകമായ പരിശീലനം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും സിയാലുമായുണ്ടാക്കിയിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

69 (*572) <u>ഡിസ്ട്രസ്സ് പർച്ചേസ് സ്കീം</u>

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, കെട്ടിക്കിടക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും ശേഖരിക്കുന്ന

തിനായി സിസ്ട്രസ്സ് പർച്ചേസ് സ്കീം നടപ്പിലാക്കി വരുന്നുണ്ടെന്നും കഴിഞ്ഞ നാല് വർഷങ്ങളിലായി 527.79 ലക്ഷം രൂപയുടെ കയർ സംഭരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മൊത്തം 16 കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ് ഇതുവരെ ശേഖരിച്ചിട്ടുള്ളത്. ഡി.പി.എസ് പ്രകാരം ശേഖരിക്കുന്ന കയർ ഉൽപ്പന്നങ്ങൾ കയർഫെഡും കയർ ഉല്പന്നങ്ങൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും മുഖാന്തിരമാണ് വിൽപ്പന നടത്തുന്നത്. കയറിനെ കയർ ഉൽപ്പന്നങ്ങളാക്കി മാറ്റാനും 12 ശതമാനം വരെ ഡിസ്ക്കൗണ്ട് നൽകി വിറ്റഴിക്കാനും കയർഫെഡ് നടപടി സ്വീകരിച്ചുവരുന്നു. ഇപ്പോൾ കയറോ കയർ ഉൽപ്പന്നങ്ങളോ കെട്ടിക്കിടക്കുന്നില്ലെന്നും ഉൽപ്പന്ന മേഖലയിൽ വില വ്യത്യാസത്തിന് ഉൽപ്പാദകർക്ക് സഹായകരമായ തരത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്ന കയർ ക്രയവില സ്ഥിരതാ പദ്ധതി വളരെ ഫലപ്രദമായി മാറിയതിനാൽ ഇപ്പോൾ ഡി.പി.എസ്.-ൽ ഉൽപ്പന്നങ്ങൾ സംഭരിക്കേണ്ട സാഹചര്യമില്ലെന്നും പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീമിന് എല്ലാ വിഭാഗങ്ങളിൽ നിന്നും വലിയ സ്വീകാര്യത ഉണ്ടായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കയറും കയറുല്പന്നങ്ങളും കെട്ടിക്കിടക്കാത്തതുകൊണ്ട് ഡിസ്ട്രസ്സ് പർച്ചേസ് ആവശ്യമില്ലാത്തതിനാൽ പ്രത്യേക പദ്ധതി വിഹിതം ഉൾപ്പെടുത്തേണ്ട കാര്യമില്ലെന്നും വില വ്യതിയാനം പരിഹരിക്കാനുള്ള പദ്ധതിയിൽ 10 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ടെന്നും ഏതെങ്കിലും കാരണവശാൽ കെട്ടിക്കിടന്നാൽ തുക ചെലവാക്കുന്നതിനായി ഡിസ്ട്രസ്സ് പർച്ചേസ് പദ്ധതിയേയും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കയറുൽപ്പന്നങ്ങൾ പൂർണ്ണമായും കയർ ക്രയവില സ്ഥിരതാ പദ്ധതി വഴി ശേഖരിക്കാൻ കഴിയുന്നുണ്ടെന്നും മുഴുവൻ കയറും കയർഫെഡ് വഴി

ശേഖരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വില വർദ്ധിപ്പിച്ച് കൊടുത്തിരിക്കുന്നതിനാൽ ഡിസ്ട്രസ്സ് പർച്ചേസ് സ്കീം ഇപ്പോൾ നടപ്പിലാക്കണമെന്ന് ഉല്പാദകർ ആവശ്യപ്പെടുന്നില്ലെന്നും എപ്പോൾ ആവശ്യപ്പെട്ടാലും നടപ്പിലാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കിലോഗ്രാമിന് ആറ് രൂപ പ്രൊഡക്ഷൻ കോസ്റ്റിൽ ഒന്നേകാൽ ലക്ഷം രൂപ വിലയുള്ള ഡീഫൈബറിംഗ് മിൽ കോ-ഓപ്പറേറ്റീവ്സിന് സൗജന്യമായി കൊടുക്കുന്നുണ്ടെന്നും അത് പൂർണ്ണമായി നടപ്പിലാകുന്നതുവരെ കോ-ഓപ്പറേറ്റീവ്സിന് പത്ത് രൂപ നിരക്കിൽ കയർഫെഡ് വഴി ചകിരി കൊടുക്കുകയാണെന്നും തൊണ്ടിന്റെ ഉപയോഗം 50 ശതമാനമാക്കി മാറ്റാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും മന്ത്രി അറിയിച്ചു. സംസ്ഥാന കയർ വകുപ്പും പൊതുമേഖലാ സ്ഥാപനങ്ങളും കയർ ബോർഡും സ്വകാര്യ കോ-ഓപ്പറേറ്റീവ്സും ചേർന്ന് ഒരു കയർ ക്ലസ്റ്ററുണ്ടാക്കി 54 കോടി രൂപയുടെ ഒരു പ്രോജക്ട് ആലപ്പുഴയിൽ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കയർമേഖലയിലെ തൊഴിലാളികളുടെ കൂലി 150 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും അത് കൊടുക്കാത്ത ഒരു കയർ സഹകരണ സംഘത്തിനും യാതൊരു സഹായവും നൽകുന്നതല്ലെന്ന നിബന്ധന ഏർപ്പെടുത്തുമെന്നും ആധുനികവൽക്കരണംകൊണ്ടും തൊണ്ട് കൂടുതൽ ശേഖരിച്ചും കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതു സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും 600 സഹകരണ വിപണന സ്റ്റാളുകൾ വഴി കയറുല്പന്നങ്ങൾ വ്യാപകമായി വില്പന നടത്തുന്നുണ്ടെന്നും വിപുലമായ വിപണന പ്രദർശന മേളകളും 'ഒരു വീട്ടിൽ ഒരു കയർ ഉല്പന്നം' എന്നതും ഈ ഓണക്കാലത്ത് ശക്തിപ്പെടുത്തുന്നതാണെന്നും പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീം

നടപ്പിലാക്കിയതോടുകൂടി ഏകദേശം 20 ശതമാനം തൊഴിൽ ദിനങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്നും കേന്ദ്ര ഗവൺമെന്റിന്റെ റിബേറ്റ് പുന:സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

70 (*573) <u>കശുവണ്ടി വികസന കോർപ്പറേഷൻ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, ഫാക്ടറികളുടെ നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി 2007-2008, 2008-09 വർഷങ്ങളിലായി ആകെ 18.47 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2008-09 സാമ്പത്തിക വർഷം ഫാക്ടറികളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി നബാർഡിൽനിന്നും 26 ലക്ഷം രൂപയും 2009-2010-ൽ ഫാക്ടറികളുടെ നവീകരണം, കശുവണ്ടിപ്പരിപ്പിന്റെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നവീന പായ്ക്കിംഗ് സിസ്റ്റം എന്നിവയ്ക്കായി 24 കോടി രൂപയും 2010-11 സാമ്പത്തിക വർഷം കോർപ്പറേഷന്റെ റിജുവിനേഷനു വേണ്ടി (Cashew procurement centre) 15 കോടി രൂപയും അനുവദിച്ചു. നിലവിലുണ്ടായിരുന്ന തട്ട് ബോർമകൾക്ക് പകരമായി ഇലക്ട്രിക് ബോർമ, ഹോട്ട് എയർബോർമ എന്നിവ ഫാക്ടറികളിൽ സ്ഥാപിക്കുകയും നിലവിലുണ്ടായിരുന്ന ടിൻ ഫില്ലിംഗിന് പകരമായി കോർപ്പറേഷന്റെ ഫില്ലിംഗ് സെന്ററുകളിൽ 'ഫ്ളെക്സി പാക്കിംഗ് സിസ്റ്റം' നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിദേശ വിപണിയിൽ 'ഫ്ളക്സി പാക്കിംഗ്' പരിപ്പിനാണ് മാർക്കറ്റുള്ളത്. CFTRI യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽനിന്നും കാഷ്യു സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യുവിറ്റ,

കാഷ്യുബിറ്റ്സ്. എന്നീ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കി യിട്ടുണ്ട്. തൊഴിലാളികൾക്ക് 2009-10 സാമ്പത്തിക വർഷം 284 ദിവസത്തെ ജോലി നൽകുകയും തുടർച്ചയായി ജോലി നൽകി വരികയും ചെയ്യുന്നു ണ്ടെന്നും കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉൽപ്പന്നങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ പ്രവർത്തി ക്കുന്നതിനുമായി 7500-ഓളം തൊഴിലാളികളെ പുതിയതായി നിയമിച്ചിട്ടു ണ്ടെന്നും ഉൽപ്പാദനക്ഷമതയും, ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് പുതിയ സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിന് കോർപ്പറേഷനിലെ പ്രോസസ്സിംഗ് ജീവനക്കാർക്ക് പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കിവരു ന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷൻ എന്ന ഒരു പുതിയ സ്ഥാപനം രൂപീകരിച്ചു. അത്യുല്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കോർപ്പറേഷന്റെ നേഴ്സറികളിലുണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തുകയും കശുമാങ്ങയിൽനിന്നും ബയോഡീസൽ ഉൽപ്പാദിപ്പി ക്കുന്നതിനുള്ള ഗവേഷണം നടത്തിവരികയുമാണ്. ആധുനികവൽക്കര ണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ ഒരു റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ പ്രവർത്തിച്ചുവരുന്നുണ്ടെന്നും കശുവണ്ടി വികസന കോർപ്പറേഷൻ എസ്.ടി.സി., ഐ.ഐ.എഫ്.ടി. എന്നിവയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും കോർപ്പറേഷന്റെ ഫാക്ട റികൾ അന്താരാഷ്ട്ര നിലവാരത്തിൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ട്

ഫാക്ടറികൾ ഐ.എസ്.ഒ., നിലവാരത്തിലുള്ളതാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കശുവണ്ടി വികസന കോർപ്പറേഷനിൽ കശുവണ്ടിയുടെ പ്രോസസ്സിംഗ് രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി കശുവണ്ടി കരിച്ച് വറുത്ത് തല്ലിയെടുക്കുന്ന പരമ്പരാഗത ശൈലിയോടൊപ്പം തോട്ടണ്ടി ആവിയിൽ പുഴുങ്ങി കട്ടിംഗ് മെഷീനുകൾ ഉപയോഗിച്ച് കട്ട് ചെയ്ത് എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കാപ്പെക്സിന്റെ നവീന പായ്ക്കിംഗ് സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന ആധുനിക രീതിയിലുള്ള ഫ്ളക്സി പായ്ക്കിംഗ് മെഷീൻ ഉപയോഗിച്ച് കയറ്റുമതിക്കുള്ള പരിപ്പ് പ്രോസസ്സ് ചെയ്യുന്നതിനാൽ വളരെ കർക്കശമായ ശുചിത്വവും ഉല്പാദനക്ഷമതയും ഉണ്ടാകുന്നുണ്ടെന്നും ആഭ്യന്തര വിപണി ശക്തിപ്പെടുത്തുവാനായി ഒരു അത്യാധുനിക റോസ്റ്റിംഗ് സാൾട്ടിംഗ് മെഷീനും പായ്ക്കിംഗ് സെന്ററിൽ സ്ഥാപിച്ചിട്ടുണ്ടെന്നും കാപ്പെക്സ് റോസ്റ്റഡ്, സാൾട്ടഡ് പരിപ്പുകൾ കൂടാതെ pepper coated, chilly coated പരിപ്പുകളും വിവിധ ഗ്രേഡുകളായി തരംതിരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണിയിൽ ഇറക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കാപ്പെക്സിന്റെ ചെങ്ങമനാട്, ഇരവിപുരം, എരുവ, പത്തിയൂർ, കിളിക്കൊല്ലൂർ, ചാത്തിനാംകുളം എന്നീ ഫാക്ടറികൾ പൂർണ്ണമായും പുനർനിർമ്മിക്കുകയും മറ്റുള്ള നാല് ഫാക്ടറികളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഉയരവും വായുസഞ്ചാരവുമുള്ള ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡ്ഡുകൾ, വറുപ്പുപുര, ബോർമ്മപുര, തോടുപുര, തൊട്ടിപ്പുര, വിശ്രമമുറികൾ, തോട്ടണ്ടി ഉണക്കാനുള്ള യാർഡുകൾ, ചിമ്മിനികൾ, വൃത്തിയുള്ള ബാത്ത്റൂം, തോട്ടണ്ടി സംഭരിക്കാനുള്ള

ഗോഡൗണുകൾ, പുതിയ വറുപ്പു മെഷീനുകൾ, പത്ത് ഫാക്ടറികളിലായി 14 ഇലക്ട്രിക് ബോർമകൾ, ശുദ്ധജലം ലഭ്യമാകത്തക്കവിധമുള്ള സംവിധാനങ്ങൾ, ആധുനിക ഫ്ളക്സി പാക്കിംഗ് മെഷീനുകൾ, റോസ്റ്റഡ് ആന്റ് സാൾട്ടിംഗ് മെഷീനോടുകൂടിയ ഫ്ളക്സി പാക്കിംഗ് സെന്ററുകൾ, എന്നിവയും ഹെഡ് ഓഫീസും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണത്തോടുകൂടിയ ഓഫീസും നിർമ്മിച്ചു. 2500-ഓളം പുതിയ തൊഴിലാളികളെ നിയമിച്ച് പാരിറ്റി ക്ലിയർ ചെയ്തു. പ്രതിദിന ഉല്പാദനശേഷി 54 മെട്രിക് ടണ്ണായി ഉയർത്തുന്നതിനും പ്രൊഡക്ഷൻ കപ്പാസിറ്റി 45 ശതമാനമായി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. കശുവണ്ടി ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിന് കോർപ്പറേഷനിലെ പ്രോസ്സസിംഗ് തൊഴിലാളികൾക്ക് വിവിധതരം പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും റഷ്യ, ചൈന, എന്നീ രാജ്യങ്ങളിലേയ്ക്കും അവരുടെ അഭിരുചിക്കനുസരിച്ച് കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും 2008-09 -ൽ 16 കണ്ടയിനർ പരിപ്പും 2009-10-ൽ 34 മെട്രിക് ടൺ പരിപ്പും വിദേശ വിപണിയിലേയ്ക്ക് അയയ്ക്കുവാൻ സാധിച്ചിട്ടുണ്ടെന്നും കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്ത് ഫ്രാഞ്ചൈസികളും ഔട്ട്ലെറ്റുകളും സ്ഥാപിച്ചിട്ടുള്ളതും ജില്ലാടിസ്ഥാനത്തിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിച്ചിട്ടുള്ളതുമാണെന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ ഔട്ട്ലെറ്റുകൾ വഴിയും കെ.ടി.ഡി.സി.യുടെ തെരഞ്ഞെടുക്കപ്പെട്ട പാർലറുകൾ മുഖാന്തിരവും റിലയൻസ്, ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ തെരഞ്ഞെടുത്ത പമ്പുകൾ തുടങ്ങിയവയിലൂടേയും സംസ്ഥാനത്തിന്

അകത്തും പുറത്തും ആഭ്യന്തര വിപണി മെച്ചപ്പെടുത്തി ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കഴിഞ്ഞ വർഷം 9725 ഏക്കർ ഭൂമിയിൽ കശുമാവ് കൃഷി ചെയ്തിട്ടുണ്ടെന്നും കേന്ദ്ര ഗവൺമെന്റ് നാല് വർഷംകൊണ്ട് 57.83 കോടി രൂപ ഹോർട്ടികൾച്ചർ മിഷൻ വഴി കശുമാവ് കൃഷിക്കുവേണ്ടി അനുവദി ച്ചിട്ടുണ്ടെന്നും സംസ്ഥാന ഗവൺമെന്റ് ഒരു മാച്ചിംഗ് ഫണ്ട് നൽകുന്നു ണ്ടെന്നും കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളേയും കാപ്പെക്സിന്റെ പത്ത് ഫാക്ടറികളേയും സ്വയംപര്യാപ്തമാക്കിയ ശേഷമേ പുതിയ ഫാക്ടറികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ കഴിയുകയുള്ളൂവെന്നും അപേക്ഷ നൽകുകയാണെങ്കിൽ കാസർകോട് ജില്ലയിൽ സ്വകാര്യ മേഖലയിൽ കശുവണ്ടി ഫാക്ടറി ആരംഭിക്കുന്നതിന് അനുമതി നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5406 മുതൽ 5656 വരെയുള്ള ചോദ്യങ്ങളിൽ 188 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)